തൃശ്ശൂർ ജില്ലയിൽ വൈദ്യുതി ബോർഡിന്റെ കീഴിൽ പുതിയതായി ആരംഭിക്കുന്ന സബ് സ്റ്റേഷനുകൾ

119 [122] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വൈദ്യുതി ബോർഡിന്റെ കീഴിൽ പുതിയതായി ആരംഭിക്കുന്ന സബ് സ്റ്റേഷനുകൾ ഏതെല്ലാമാണ്;

(ബി) അന്തിക്കാട് 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പാലയ്ക്കൽ 33 കെ.വി. സബ്സ്റ്റേഷന്റെ സ്ഥലമെടുപ്പ് നടപടി ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) ചിറയ്ക്കൽ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം എന്നു പൂർത്തിയാകും എന്നു വ്യക്തമാക്കാമോ;

(ഇ) വോൾട്ടേജ് ക്ഷാമം രൂക്ഷമായിട്ടുള്ള കൂർക്കഞ്ചേരിയിൽ പുതിയൊരു 33 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) I. 110 കെ.വി. സബ്സ്റ്റേഷനുകൾ:

(i) പുന്നയൂർകുളം
(ii) കണ്ടശ്ശാൻകടവ്

II. 33 കെ.വി. സബ്സ്റ്റേഷനുകൾ:

(i) അഞ്ചങ്ങാടി
(ii) ചാവക്കാട്
(iii) ചിറയ്ക്കൽ
(iv) കൈപ്പമംഗലം
(v) കല്ലേറ്റുംകര
(vi) കൊങ്ങന്നൂർ
(vii) കൊരട്ടി
(viii) മുല്ലശ്ശേരി
(ix) പറപ്പൂർ
(x) പരിയാരം
(xi) പുമല
(xii) പുത്തൂർ

LIBRARY ARCHIVES Kerala Legislative Assembly

(xiii) വാടാനപ്പള്ളി

(xiv) വെള്ളാങ്ങല്ലൂർ

(xv) അന്നമനട

(xvi) അന്തിക്കാട്

(xvii) ചേലക്കര

(xviii) കുണ്ടുകാട്

(xix) മുള്ളൂർക്കര

(xx) പാലയ്ക്കൽ

(xxi) വെള്ളിക്കുളങ്ങര

(ബി) അന്തിക്കാട് 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസിലൂടെ ഏറ്റെടുക്കുന്നതിനാവശ്യമായ രേഖകൾ 2004 മാർച്ചിൽ സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തി വരുന്നു.

(സി) പാലയ്ക്കൽ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനുവേണ്ടി സർക്കാർ അനുമതി നൽകിയ സ്ഥലം വിറ്റുപോകയാൽ പുതിയതായി മൂന്ന് സ്ഥലങ്ങൾ കണ്ടെത്തിയതിൽ ഏറ്റവും അനുയോജ്യമായത് ഏതെന്ന് വിദ്യുച്ഛക്തി ബോർഡ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പരിശോധിച്ചു വരികയാണ്.

(ഡി) ചിറയ്ക്കൽ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

ഇലക്ട്രോണിക് മീറ്റർ നിർമ്മാണം

120 [123] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ബോർഡിനാവശ്യമുള്ള മുഴുവൻ ഇലക്ട്രോണിക് മീറ്ററും നിർമ്മിക്കുന്നത് ഏറ്റവും കുറഞ്ഞ നിരക്കിൽ ഗവൺമെന്റ് ഉടമയിലുള്ള കൊല്ലത്തെ മീറ്റർ കമ്പനിക്ക് നൽകാൻ തയ്യാറാകുമോ;

(ബി) പൊതുമേഖലയ്ക്ക് നൽകുന്ന വിലയിലുള്ള ഇളവുകൾ മീറ്റർ കമ്പനിക്കും നൽകുന്ന കാര്യം പരിഗണിക്കാമോ;

(സി) 10 വർഷത്തെ ഗ്യാരണ്ടിയും ഗുണമേൻമയുമുള്ള മീറ്റർ കേരളത്തിൽ പൊതുമേഖലയിൽ നിർമ്മിക്കുമ്പോൾ പ്രസ്തുത സ്ഥാപനത്തിന് മുൻഗണന നൽകാൻ ഗവൺമെന്റ് നയപരമായ തീരുമാനം കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly